# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3254** **07.11.2019-ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ, അവയുടെ പുരോഗതി എന്നിവ വിശദമാക്കാമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളും അവയുടെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

ഫിഷറീസ് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ, അവയുടെ പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 2016-17 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണത്തിനായി 8 ഗുണഭോക്താക്കൾക്ക് 16 ലക്ഷം രൂപയും ഭവന അറ്റകുറ്റപ്പണിക്കായി 6 ഗുണഭോക്താക്കൾക്ക് 3 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

2) 2017-18 സാമ്പത്തിക വർഷത്തിൽ കണ്ടല്ലൂർ പബ്ലിക് ഹെൽത്ത് സെന്റർ പുതിയ കെട്ടിട നിർമ്മാണത്തിന് 198.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതി 70% പൂർത്തീകരിച്ചു.

3) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന 242.00 ലക്ഷം രൂപയുടെ കൺസ്ട്രക്ഷൻ ഓഫ് ഗ്രോയൻസ് അറ്റ് കായംകുളം ഫിഷിംഗ് ഹാർബർ എന്ന് പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി വരുന്നു.

4) കരീപ്പുഴ മത്സ്യമാർക്കറ്റ് നവീകരണം, ജി.എച്ച്.എസ്.എസ്. കായംകുളം നവീകരണം എന്നീ പ്രവൃത്തികൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

5) കായംകുളം മണ്ഡലത്തിൽ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 21 റോഡു പ്രവൃത്തികൾക്ക് **1096.62** ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 9 റോഡു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 5 റോഡു പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 5 റോഡുപ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2 റോഡു പ്രവൃത്തികൾ മറ്റ് ഏജൻസി മുഖാന്തിരം ഏർപ്പാടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### പൂർത്തീകരിച്ച റോഡു പ്രവൃത്തികൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | കണ്ടല്ലൂർ പഞ്ചായത്തിൽ വാർഡ് നമ്പർ 9-ലെ പറമ്പിൽ സഹൃദയാ ജംഗ്ഷൻ റോഡ് |
| 2 | ഭരണിക്കാവ് പഞ്ചായത്തിൽ വാർഡ് 2,3-ലെ ആലിന്റെ മുക്ക് വാത്തിക്കുളം റോഡ് |
| 3 | ഭരണിക്കാവ് പഞ്ചായത്തിൽ വാർഡ് 21-ലെ പുളിമൂട്ടിൽ ജംഗ്ഷൻ മുതൽ വയൽ വരെയുള്ള റോഡ് |
| 4 | പത്തിയൂർ പഞ്ചായത്ത് വാർഡ് 8-ലെ ചാപ്രായിൽമുക്ക് പൊരുന്നില റോഡ് |
| 5 | പത്തിയൂർ പഞ്ചായത്ത് വാർഡ് 18-ലെ തയ്യിൽ ക്യാഷ്യനട്ട് ഫാക്ടറി റോഡ് |
| 6 | ദേവികുളങ്ങര പഞ്ചായത്ത് വാർഡ് 9-ലെ മുട്ടത്ത്മണ്ണേൽ കന്നേൽ കടവ് റോഡ് |
| 7 | കണ്ടല്ലൂർ പഞ്ചായത്തിൽ വാർഡ് നമ്പർ 14-ലെ കട്ടവിങ്കൽ ഉപ്പാട്ടംതറ വരമ്പത്ത് റോഡ് |
| 8 | പത്തിയൂർ പഞ്ചായത്ത് വാർഡ് 16-ലെ ശ്രീനിലയം മണ്ണാൻതുടിയിൽ റോഡ് |
| 9 | കൃഷ്ണപുരം പഞ്ചായത്ത് വാർഡ് 2-ലെ ഞവരയ്ക്കൽ വയൽ റോഡ് കാന നിർമ്മാണം |

## പുരോഗമിച്ചു വരുന്ന പ്രവൃത്തികൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പുരോഗതി |
|---|---|---|
| 1 | കണ്ടല്ലൂർ പഞ്ചായത്തിൽ വാർഡ് നമ്പർ 13-ലെ ഷാപ്പുമുക്ക് മുരിങ്ങയിൽ ജംഗ്ഷൻ റോഡ് | ടാറിംഗ് ഒഴികെയുള്ള 90 %പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ദേവികുളങ്ങര പഞ്ചായത്ത് വാർഡ് 2 ൽ ഇടയക്കാട്ടുമുക്ക് മേച്ചേരി തോട്ടുചിറ റോഡ് | ടാറിംഗ് ഒഴികെയുള്ള 90 % പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | ചെട്ടികുളങ്ങര പഞ്ചായത്തിലെ കോഴിപ്പാലം ചേന്നിലത്ത് റോഡ് | 30/08/2019-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. |
| 4 | കണ്ടല്ലൂർ പഞ്ചായത്ത് വാർഡ് 1 ൽ സ്മൃതിയിൽ ജംഗ്ഷൻ വടക്കൻ കോയിക്കൽ റോഡ് | 23/02/2019-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ടാറിംഗ് ഒഴികെയുള്ള 85% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കണ്ടല്ലൂർ പഞ്ചായത്ത് വാർഡ് 10 ൽ പുത്തൻപുരയിൽ കുന്നേൽ റോഡ് | 07/09/2019-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| 6 | ചെട്ടികുളങ്ങര പഞ്ചായത്തിലെ കോഴിപ്പാലം ചാണകക്കുന്നേൽ റോഡ് | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 7 | കായംകുളം മുൻസിപ്പാലിറ്റി വാർഡ് നം.6 ലെ ക്ലാപ്പന മരങ്ങാട്ട് റോഡ് | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 8 | വാത്തിപ്പറമ്പ് മുക്ക് തണ്ടശ്ശേരി മുക്ക് റോഡ് | സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ സാങ്കേതികാനുമതി നൽകാൻ സാധിച്ചിട്ടില്ല. |
| 9 | വേലംചിറ – പട്ടോലി മാർക്കറ്റ് റോഡ് കണ്ടല്ലൂർ പഞ്ചായത്ത് | സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ സാങ്കേതികാനുമതി നൽകാൻ സാധിച്ചിട്ടില്ല. |
| 10 | കായംകുളം മുൻസിപ്പാലിറ്റിയിലെ വാർഡ് 12 ലെ ഒറ്റതെങ്ങിൽ മുക്ക് തച്ചിശ്ശേരിൽ മുക്ക് റോഡ് | സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ സാങ്കേതികാനുമതി നൽകാൻ സാധിച്ചിട്ടില്ല. |

## മറ്റ് ഏജൻസി മുഖേന ഏർപ്പാടാക്കിയിട്ടുള്ള പ്രവൃത്തികൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | കൃഷ്ണപുരം പഞ്ചായത്ത് വാർഡ് 13,14 -ലെ മണ്ണാമുറി വലിയ വീട്ടിൽ മുക്ക് ഇലമ്പടത്ത്മുക്ക് റോഡ് |
| 2 | കായംകുളം നഗരസഭ വാർഡ് 7-ലെ എരുവാ ക്ഷേത്രം- ചെറുകാവ് ഇല്ലത്ത് റോഡ് |

**സെക്ഷൻ ആഫീസർ**